# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 -2026

## ഗവ എൽ പി സ്കൂൾ നരിയാപുരം

# വിദ്യാലയ മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ എൽ പി സ്കൂൾ നരിയാപുരം |
| പഞ്ചായത്ത് | : | വള്ളിക്കോട് |
| ബി ആർ സി | : | കോന്നി |
| സി ആർ സി | : | ഗവ എൽപിഎസ്<br>വള്ളിക്കോട് , വാഴമുട്ടം |
| വിദ്യാഭ്യാസ ഉപജില്ല | : | കോന്നി |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| ഹെഡ്മിസ്ട്രസ് | : | 9446232277 |

# ഉള്ളടക്കം

ആമുഖം (വിദ്യാലയ ചരിത്രം,സമഗ്ര ഗുണമേന്മ പദ്ധതി,പ്രതിസന്ധികൾ,പരിമിതികൾ)

വിദ്യാലയം മികവിന്റെ കേന്ദ്രം (കാഴ്ചപ്പാട്)

പൊതു ലക്ഷ്യങ്ങൾ (ഇടപെടുന്ന മേഖലകൾ)

അക്കാദമിക പ്രവർത്തനങ്ങൾ (ഹ്രസ്വകാലം,മധ്യകാലം,ദീർഘകാലം)
പ്രവർത്തന വിശദാംശം

(മേഖല,ഉപ മേഖല,ലക്ഷ്യം,പ്രവർത്തനങ്ങൾ,കാലം,ചുമതല,സാമ്പത്തിക വിശകലനം)

***<u>അനുബന്ധം</u>***

പ്രതീക്ഷിത നേട്ടങ്ങൾ
മോണിറ്ററിംഗ്

# ആമുഖം

വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 14-ാം വാർഡിൽ പെട്ട നിര്യാപുരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഏക ഗവൺമെൻറ് പ്രാഥമിക വിദ്യാലയം ആണിത്. മലയിൽ വാദ്യർ എന്ന മഹത് വ്യക്തിയുടെ ശ്രമഫലമായി കൊല്ലവർഷം 1087 ൽ ഒരു ഓല ഷെഡിൽ ഏകാധ്യാപക വിദ്യാലയം ആയിട്ടാണ് തുടങ്ങിയത്. പിന്നീട് 1960 ൽ ചിറ്റൂർ ഹരിചന്ദ്രൻ നായർ MLA ആയിരുന്ന കാലത്താണ് ഇപ്പോഴുള്ള കെട്ടിടം പണികഴിപ്പിച്ചത്. ഈ വിദ്യാലയം ഈ പ്രദേശത്തെ ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനുള്ള ഏക സ്ഥാപനം ആയിരുന്നു. ഓരോ ക്ലാസിലും രണ്ടും മൂന്നും ഡിവിഷനുകൾ ആയി ധാരാളം കുട്ടികൾ പഠിച്ചിരുന്ന ഈ സ്കൂളിൻറെ സമീപപ്രദേശങ്ങളിൽ തുടങ്ങിയിട്ടുള്ള ഇംഗ്ലീഷ് മീഡിയം സ്കൂൾ ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം സാരമായി കുറയാൻ ഇടയാക്കി. ദീർഘകാല വീക്ഷണത്തോടുകൂടി സാമൂഹിക സാംസ്കാരിക സാമ്പത്തിക കഴിവുകൾ വിലയിരുത്തി കൊണ്ട് SSA നടപ്പിലാക്കുന്ന പാഠ്യപദ്ധതി അനുസരിച്ചുള്ള പഠനസൗകര്യം കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. SDC യുടെയും SMC യുടെയും പഞ്ചായത്തിന്റെയും നിർലോഭമായ സഹായസഹകരണങ്ങൾ വിദ്യാലയ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇന്ന് ഈ വിദ്യാലയത്തിന്റെ ചുറ്റുപാടുമായി താമസിക്കുന്ന നിർധനനായ വിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി ഈ വിദ്യാലയത്തെ ആശ്രയിക്കുന്നു. സമൂഹമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരാണ് ഇപ്പോൾ ഇവിടെ പഠിക്കുന്നവരിലേറെയും. SSK പഞ്ചായത്ത് എന്നിവരുടെ സഹകരണത്താൽ സ്കൂൾ കെട്ടിടം 2013-14 ൽ നവീകരിച്ചു. ഇപ്പോൾ സ്കൂളും പരിസരവും മനോഹരമായി സൂക്ഷിക്കുന്നു. 1 മുതൽ 4 വരെ ക്ലാസ്സുകൾ ഉള്ള ഈ വിദ്യാലയത്തിൽ നാല് സ്ഥിര അധ്യാപകരും 26 വിദ്യാർത്ഥികളും ആണ് ഉള്ളത്. വള്ളിക്കോട് ഗ്രാമപഞ്ചായത്ത് നിന്ന് ഒരു പാചകപ്പുരയും 2016 വർഷം ഒരു stage ഉം പണി കഴിപ്പിച്ചു തന്നിട്ടുണ്ട്. സ്കൂളിന് ചുറ്റും മതിൽ ഉണ്ട്, ഗേറ്റുമുണ്ട്. സ്കൂൾ PTA യുടെ ചുമതലയിൽ കുട്ടികളെ വാഹനത്തിൽ കൊണ്ടുവരും.

സ്കൂളിലെ കൃഷി സ്ഥലത്ത് വാഴയും പച്ചക്കറികളും കൃഷി ചെയ്തുവരുന്നു. ഇത് നിന്നും ലഭിക്കുന്ന വിളവ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും രക്ഷിതാക്കളുടെയും അധ്യാപകരുടെയും നേതൃത്വത്തിലാണ് നടന്നുവരുന്നത്.

സ്കൂളിന് പാചകവാതക കണക്ഷൻ ഉണ്ട്. സ്മാർട്ട് റൂം ഉണ്ട്. ലൈബ്രറി റൂം ഡൈനിങ് ഹാൾ കളിസ്ഥലം എന്നിവ അത്യാവശ്യമാണ്.
സ്കൂളിൻറെ എല്ലാ പ്രവർത്തനങ്ങൾക്കും ജനപ്രതിനിധികൾ SMC , SSG, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ പൂർണ്ണ പിന്തുണയും പങ്കാളിത്തവും ലഭിക്കുന്നുണ്ട്. പൊതു വിദ്യാലയങ്ങൾ അറിവിൻറെ ഉന്നതിയിലേക്ക് കുതിക്കുന്ന ഈ അവസരത്തിൽ ജനപ്രതിനിധികൾ, SSG, SMC, SDC, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ

പങ്കാളിത്തത്തോടെ തയ്യാറാക്കിയ ഈ സ്കൂൾ വികസന പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുന്നു.

*സ്കൂൾ അക്കാദമിക സമിതിക്ക് വേണ്ടി*

വിനീത് രാജേഷ്

(PTA Vice president)

ആതിര മഹേഷ്

(വാർഡ് മെമ്പർ&SMC President)

വനജ എം

(Headmistress)

# അവസ്ഥാ വിശകലനം

## *കുട്ടികളുടെ എണ്ണം*

2011-12 -34
2012-13 -30
2013-14- 25
2014-15 -30
2015-16 -28
2016-17 -22
2017-18 -20
2018-19 -22
2019-20 -19
2020-21 -17
2021-22 -17
2022-23 -20
2023-24 -25
2024-25 -30
2025-26 -26

## അധ്യാപകർ-നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽകാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഈ വിദ്യാലയത്തിൽ പഠിപ്പിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| LP | 4 | 4 | Nil | 3 |

## സ്ഥിരം അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ. നം | പേര് | തസ്തിക | ആൺ/ പെൺ | വിദ്യാസ യോഗ്യത | സർവീസ് ദൈർഘ്യം | അഡ്രസ് |
|---|---|---|---|---|---|---|
| 1 | വനജ എം | പ്രഥമാധ്യാപിക | പെൺ | TTC ,MA, BEd , SET | 32 | വൃന്ദാവനം , ഇടപ്പരിയാരം , ഇലന്തൂർ 9446232277 |
| 2 | സിന്ധു എം ബി | LPSA | പെൺ | PDC , TTC | 18 | സിന്ധു സദനം വയലാ നോർത്ത് 7736057223 |
| 3 | നിമിഷ പി | LPSA | പെൺ | TTC , KTET | 6 | പുലരി നെല്ലിമുകൾ 9496753559 |
| 4 | എലിസബത്ത് ലൂക്ക് | LPSA | പെൺ | TTC , MA BEd , KTET | 12 | കാവുള്ളതിൽ കൈപ്പട്ടൂർ 9497881735 |

## ഭൗതികസാഹചര്യം നിലവിലുള്ളത്

| ക്രമ. നം | ഇനം | എണ്ണം | ഇനം | എണ്ണം | ഇനി ആവശ്യമുള്ളത് | എണ്ണം |
|---|---|---|---|---|---|---|
| 1 | സ്ഥലം | 20 സെൻറ് | മൂത്രപ്പുര | 3 | കംപ്യൂട്ടർ | 1 |
| | കെട്ടിടം | 1 | ക്ലാസ് മുറി | 5 | ലാപ് ടോപ് | 2 |
| | ഓഫീസ് | 1 | കക്കൂസ് | 3 | അലമാര | 4 |
| | വൈദ്യുതീകരണം | 2 യൂണിറ്റ് | | | | |
| | ബഞ്ച് | 10 | ഡസ്ക് | 10 | ഡൈനിംഗ് ഹാൾ | 1 |
| | സ്ക്രീൻ | 6 | അലമാര | 5 | അസംബ്ളി ഹാൾ | 1 |
| | ഷെൽഫ് | 2 | കംപ്യൂട്ടർ | 1 | കംപ്യൂട്ടർ മേശ | 2 |
| | ലൈബ്രറി | 1 | ചുറ്റുമതിൽ | ഉണ്ട് | | |
| | കിണർ | 1 | കുടിവെള്ളം | യഥേഷ്ടം | ഡൈനിംഗ് ടേബിൾ | 2 |
| | വാട്ടർ ടാപ്പ് | 8 | അടുക്കള | 1 | ചെയർ | 25 |
| | സ്റ്റേജ് | 1 | ഇന്റർനെറ്റ് | ലഭ്യമാണ് | സ്കൂൾ ഹാൾ | സീലിംഗ് ചെയ്യണം |
| | മൈക്ക് | 1 | | | | |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നു. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, ക്ലാസ് റൂം പഠനത്തിന് അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചയസമയം ഉറപ്പുവരുത്തുക സ്കൂൾ എസ് ആർ ജി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക, ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ തേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കുട്ടികൾക്ക് വേണ്ട പഠന പിന്തുണ പരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി കുട്ടികൾ, SC, ST മേഖലകൾ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ, നിരന്തര മൂല്യനിർണയ പരിപാടികൾ കാര്യക്ഷമമാക്കുക, കുട്ടികളുടെ സമഗ്ര പഠന പുരോഗതി രേഖ വികസിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളെ മുൻനിർത്തി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

# പ്രവർത്തന പട്ടിക

| തീയതി | വിഷയം |
|---|---|
| 03.06.2025 | പൊതു വിഷയങ്ങൾ |
| 04.06.2025 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ |
| 05.06.2025 | വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്ക്കരണം |
| 09.06.2025 | ആരോഗ്യം, വ്യായാമം, കായിക ക്ഷമത, ആഹാരശീലം |
| 10.06.2025 | ഡിജിറ്റൽ അച്ചടക്കം |
| 11.06.2025 | പൊതുമുതൽ സംരക്ഷണം, നിയമബോധം, കാലാവസ്ഥ മുൻകരുതൽ |
| 12.06.2025 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |
| 13.06.2025 | പൊതു ക്രോഡീകരണം |

## ഇംഗ്ലീഷ് പഠനം:

1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ പ്രത്യേകം ക്ലാസുകൾ നൽകുന്നുണ്ട്

## ആരോഗ്യ വിദ്യാഭ്യാസം:

കുട്ടികളിൽ ആരോഗ്യ ശീലം വളർത്തുന്നതിനായി ഇടയ്ക്കിടെ ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നടത്തുന്നുണ്ട്. ഞാൻ പാലിക്കേണ്ട ശുചിത്വ ശീലങ്ങളെ പറ്റി കുട്ടികളെ ബോധവാന്മാരാക്കുന്നു. സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു.

## അസംബ്ലി:

വ്യായാമത്തിന് പ്രാധാന്യം നൽകി സ്കൂൾ അസംബ്ലി നടത്തുന്നു. കുട്ടികൾ തന്നെ വ്യായാമം യോഗ പരിശീലിക്കുന്നു. അസംബ്ലി നടത്താൻ കുട്ടികൾ സന്നദ്ധരാണ്. പത്രവാർത്തകൾ ഓരോ കുട്ടിയും കാണാതെ പഠിച്ച് അവതരിപ്പിക്കുന്നു.

## SMC:

16 അംഗങ്ങൾ അടങ്ങുന്ന ഒരു SMC പ്രവർത്തിച്ചുവരുന്നു. മാസത്തിൽ ഒരിക്കൽ SMC കൂടി പാഠ്യപാഠ്യേതരാധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ സഹായങ്ങൾ നൽകിവരുകയും ചെയ്യുന്നു.

## SRG -

ഓരോ ആഴ്ചയിലും SRG കൂടി കുട്ടികളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടു പോകുന്നു. പ്രത്യേകം ഊന്നൽ നൽകേണ്ട മേഖലകൾ കണ്ടെത്തി അതിനു വേണ്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## CPTA -

എല്ലാ മാസവും ക്ലാസ് PTA കൂടി കുട്ടികളുടെ പഠനനിലവാരത്തെ പറ്റിയും പഠനത്തിൽ കുട്ടികൾക്കുള്ള നേട്ടങ്ങളും പോരായ്മകളെ കുറിച്ചും ചർച്ച നടത്തുന്നു. പഠനകാര്യങ്ങളിൽ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നു.

## പരിമിതികളും പ്രശ്നങ്ങളും.

1. വിവരസാങ്കേതിക വിദ്യാഭ്യാസിക്കാൻ ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ എന്നിവ ആവശ്യമാണ്

2. കുട്ടികൾക്ക് സ്കൂളിൽ എത്താൻ വാഹന സൗകര്യം

3. ഗണിതലാബ്, ശാസ്ത്ര ലാബ്, ഭാഷാ ലാബ്

4. ഡൈനിങ് ഹാൾ, അസംബ്ലി പന്തൽ.

5. ആകർഷകമായ ക്ലാസ് മുറികൾ (സ്മാർട്ട് ക്ലാസ് മുറി)

6. കമ്പ്യൂട്ടർ മുറി

7. ശിശു സൗഹൃദ വിദ്യാലയം, ടൈൽ വിരിച്ച് ടോയ്ലറ്റുകൾ

8. എല്ലാ ക്ലാസിലും അലമാര (വായന)

9. IEDC കുട്ടികൾക്കുള്ള അധ്യാപകർ

10. സ്കൂൾ ഹാളിന് സീലിംഗ് ചെയ്യുക

## തനതുപ്രവർത്തനങ്ങൾ

1. കൃഷി, സ്കൂളിലേക്ക് ആവശ്യമായ പച്ചക്കറികൾ ചിലവ സ്കൂളിൽ തന്നെ ഉത്പാദിപ്പിക്കുന്നു... കുട്ടികൾ അവരുടെ വീടുകളിലും പച്ചക്കറി കൃഷി ചെയ്യാൻ ശീലിച്ചു.

2.പൊതുവിജ്ഞാനം ദിവസേന ഒരു ചോദ്യം എന്ന ക്രമത്തിൽ നോട്ടീസ് ബോർഡിൽ ചോദ്യം എഴുതുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തുന്നു. ആഴ്ചവസാനം കുട്ടികൾ നേടിയ അറിവ് പരിശോധിക്കുന്നു.

### ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പരിപാടികൾ

A. അക്കാദമികം

B. ഭൗതികം

C. പാഠ്യാനുബന്ധം

## പ്രവർത്തന പദ്ധതി വിശദാംശങ്ങൾ

*<u>അക്കാദമികം</u>*

ഞങ്ങളുടെ വിദ്യാലയവും മികവിലേക്ക് എല്ലാ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ലോകത്തെത്തിക്കുക കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുക.

1. എഴുത്തു കൂട്ടം, വായന കൂട്ടം, അമ്മ വായന എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം.

2. ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക

3. ഇംഗ്ലീഷ് പഠനം കൂടുതൽ കാര്യക്ഷമമാക്കുക

4. ഗണിത പഠനം

5. ശാസ്ത്ര പഠനം

ഹ്രസ്വകാലം

**പ്രവർത്തനം 1**

ഭാഷാശേഷി കൈവരിക്കൽ- വായന

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 pretest<br>2 അക്ഷരം ഉറപ്പിക്കൽ<br>3 അടയാളം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ<br>5 വാക്കുകൾ എഴുതിയ കാർഡ്<br>6 വാക്കുകൾ നിർമിക്കൽ<br>7 വാക്യങ്ങൾ നിർമ്മിക്കൽ<br>8 ചിത്രം-അടിക്കുറിപ്പ്<br>9 ചിത്രം-കഥപറയൽ<br>10 ചിത്രം-കഥയെഴുതൽ<br>11 കഥ ബാക്കി എഴുതൽ<br>12 കഥാപുസ്തക നൽകൽ<br>13 C.D. ചിത്രം നൽകി വാക്യം എഴുതൽ<br>14 പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസുകൾ<br>15 ആഭരണം അണിയിക്കൽ | June – March | പുസ്തകം<br>പത്രം<br>C.D. | BRC<br>PTA |
| 2 | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക (വായന കൂട്ടം) | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായന മൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സമീപ ഗ്രന്ഥശാല-അംഗത്വം<br>വായനോത്സവം-സംഘടിപ്പിക്കൽ<br>പത്രവായന<br>അമ്മ വായന<br>പുസ്തകം-ചർച്ച<br>വായനാനുഭവം-പങ്കുവെക്കൽ | | വായന മുറി<br>Class library<br>School library<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക<br>പ്രസിദ്ധീകരണങ്ങൾ | BRC<br>PTA |

വായനാക്കുറിപ്പ് -പതിപ്പ്
വിദ്യാരംഗം കലാസാഹിത്യ വേദി
Class സഭ
സ്കൂൾ സഭ-ബാലസഭ
ദിനാചരണങ്ങൾ
ആകാശവാണി ക്ലബ്ബ്
അഭിമുഖം
ആനുകാലിക പ്രസിദ്ധീകരണങ്ങൾ-
വായന
വായന സാമഗ്രി-വികസിപ്പിക്കാൻ

## പ്രവർത്തനം-2

പ്രവർത്തനത്തിന്റെ പേര്: കയ്യെഴുത്ത് മാസിക (പൂമൊട്ട്)
ഉദ്ദേശങ്ങൾ: കുട്ടികളിലെ എടുത്ത്, സർഗാത്മകത എന്നിവ വികസിപ്പിക്കുക.
പ്രവർത്തന ക്രമം: ജൂൺ മുതൽ മാർച്ച് മാസം വരെയുള്ള ആഴ്ചകളിലെ അവസാന വെള്ളിയാഴ്ച കുട്ടികളുടെ രചനകൾ ശേഖരിക്കുന്നു. SRG യിൽ പരിശോധിക്കുന്നു. മികച്ച രചനകൾ കണ്ടെത്തുന്നു. പോരായ്മകൾ പരിഹരിക്കുന്നു.
ജൂലൈ 5: ബഷീർ ദിനത്തോട് അനുബന്ധിച്ച് രചന മത്സരം സംഘടിപ്പിക്കുന്നു. മാർച്ച് മാസത്തിൽ സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കൈയെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്നു.
ധനകാര്യവിശകലനം: ഇനം. പ്രതീക്ഷിത ചെലവ്, പ്രതീക്ഷിത വരവ്, സ്രോതസ്സ് കയ്യെഴുത്ത് മാനസിക പ്രസിദ്ധീകരണം.. rs 500 teachers.
ചുമതല നിമിഷ ടീച്ചർ
മോണിറ്ററിംഗ് HM

## പ്രവർത്തനം 3

Learn english - to know english
ഉദ്ദേശം: 1. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിന്
2. ഇംഗ്ലീഷ് പഠനം രസകരമാക്കുന്നതിന്
3. ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിന് കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിന്.
പ്രവർത്തന ക്രമം: ജൂൺ മുതൽ മാർച്ച് മാസം വരെ SRG ചർച്ചചെയ്ത് നടപ്പിലാക്കുന്നു. ഇത് താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു
1. Dictionary making/ vocabulary building

2. ദിവസേന പഠിക്കുന്ന പുസ്തകത്തിലെ (english, maths etc.) 5 വാക്കുകൾ ഒരു കാർഡിന്റെ ഒരു വശത്ത് എഴുതുകയും അതിൻറെ english ലും മലയാളത്തിലുമുള്ള അർത്ഥം മറുപുറത്ത് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു.

3. ഈ വാക്കുകൾ ശേഖരിക്കാൻ 10 minute മതിയാകും എന്നതുകൊണ്ട് ദിവസേന ചെയ്യേണ്ടതാണ്.

4. ഒരു മാസത്തിലെ card കൾ ഉപയോഗിച്ച് dictionary നിർമ്മിക്കുന്നു. കാർഡുകളിലെ വാക്കുകൾ ദിവസവും നോക്കുക.

നേട്ടങ്ങൾ: skit പോലുള്ള പരിപാടികൾ അവതരിപ്പിക്കാൻ തയ്യാറാക്കുന്നു.

## പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര്: ഗണിത പഠനം ഗണിതഗാനങ്ങളിലൂടെ

ഉദ്ദേശങ്ങൾ: 1. ഗണിത ഗാനങ്ങളിലൂടെ സംഖ്യാബോധം സങ്കലന വ്യവകലനങ്ങൾ ഉറപ്പിക്കുന്നു.

2. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്ന ഗണിത പഠനത്തിൻറെ താൽപര്യം വർദ്ധിക്കുന്നു

പ്രവർത്തന ക്രമം: പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് പ്രീ ടെസ്റ്റ് നടത്തി മൂല നിർണയത്തിലൂടെ പ്രശ്നം മേഖലകൾ കണ്ടെത്തി കുട്ടികളെ ലിസ്റ്റ് ചെയ്യുന്നു.

ഗണിത പ്രശ്നങ്ങൾ കണ്ടെത്തുന്നു. സങ്കലന വസ്തുക്കൾ ഉറച്ചിട്ടില്ല. SRG യിൽ ചർച്ച ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. ഗണിതശയങ്ങൾ ഉറപ്പിക്കുന്നതിന് ആവശ്യമായ ഗാനങ്ങൾ ശേഖരിക്കുന്നു. ഗണിത മാസികയിൽ ഉൾപ്പെടുത്തുന്നു. പ്രത്യേക പ്രവർത്തന പാക്കേജ് പ്രത്യേക സമയം കണ്ടെത്തി നടപ്പിലാക്കുന്നു. നിശ്ചിത പ്രവർത്തനങ്ങൾ നൽകി വിലയിരുത്തൽ നടത്തി ആവശ്യമായ കൈത്താങ്ങ് നൽകി മുന്നേറുന്നു. എൻറെ കണക്കു പുസ്തകം മെച്ചപ്പെടുത്താൻ സഹായകമാണ്.

ചുമതല: CLASS TEACHERS

montitarinh : HM

## പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര്: സ്കൂൾ വളപ്പിലെ കൃഷിത്തോട്ടം

ഉദ്ദേശങ്ങൾ: 1. ശാസ്ത്രത്തിൽ താല്പര്യമുണ്ടാക്കുക

2. ശാസ്ത്രീയ മനോഭാവം വളർത്തുക

3. ശാസ്ത്രരീതി പരിശീലിപ്പിക്കുക

4.സംഘപ്രവർത്തന രീതി പ്രോത്സാഹിപ്പിക്കുക

ശാസ്ത്രധാരണ നിത്യജീവിതത്തിൽ

ധനകാര്യ വിശകലനം: പ്രതീക്ഷിത ചെലവ്
പ്രതീക്ഷിത വരവ്

സ്രോതസ്സ്.

പ്രവർത്തന ക്രമം: ജൂൺ ആദ്യവാരം ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുന്നു. Convenor, chairman കമ്മറ്റി അംഗങ്ങൾ ഇവർ കുട്ടികൾ തന്നെ. ക്ലബ്ബ് ചുമതല അധ്യാപകൻ നേതൃത്വം നൽകുന്നു. SRG യിൽ ചർച്ച ചെയ്തു. കുട്ടികളുമായി ചർച്ച രണ്ട് കുട്ടുകാർക്ക് ഒരു ഒരു വാഴ നടാൻ തീരുമാനിച്ചു. സാമ്പത്തികം Club members അധ്യാപകർ എന്നിവരെ നിന്നും കണ്ടെത്തി. വാഴ വിത്ത് എത്തിച്ച നട്ടു. നല്ല വാഴ, നന്നായി പരിചരിക്കുന്ന ഗ്രൂപ്പ്, ആദ്യം കുലയ്ക്കുന്ന വാഴ എന്നിവയ്ക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തി. വെള്ളമൊഴിക്കുക വൃത്തിയാക്കൽ club members ജൈവവളം ഉപയോഗിച്ച രണ്ട് കുലകൾ ഉണ്ടായി. സ്കൂൾ ഉച്ചഭക്ഷണ പരിപാടി കാരണ നൽകാൻ കൃഷിത്തോട്ടം ഉപകരിച്ചു. കൃഷിയോട് ആഭിമുഖ്യം വളർത്താൻ കഴിഞ്ഞു. എല്ലാവർഷവും തുടർന്നുകൊണ്ട് പോകാൻ തീരുമാനിക്കുന്നു.

## പ്രവർത്തനം 8

മധ്യകാലം

പ്രവർത്തനത്തിന്റെ പേര്- മെഗാ ക്വിസ്

ഉദ്ദേശം: കുട്ടികളിൽ വായന, അന്വേഷത്വര, ആരോഗ്യകരമായ മത്സരബുദ്ധി, മത്സരപരീക്ഷ റോഡ് അഭിമുഖം വളർത്തുക എന്നീ ലക്ഷ്യം.

ധനധാര്യം: teachers, S.S.A

പ്രവർത്തന ക്രമം: ജൂൺ ആദ്യവാരം SRG കൂടി ക്ലബ്ബുകൾ രൂപീകരിക്കുന്നു. G.K ക്ലബ്ബുകളും ഉണ്ട് അധ്യാപകരുടെ നേതൃത്വത്തിൽ പ്രതിമാസികകളിൽ നിന്ന് ചോദ്യങ്ങൾ ശേഖരിച്ച് ബുക്ക് ആക്കുന്നു. നോട്ടീസ് ബോർഡ് നൽകുന്ന ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കുട്ടികൾ കണ്ടെത്തുന്നുണ്ടോ എന്ന് ബാലസഭയിൽ പരിശോധിക്കുന്നു. കണ്ടെത്താത്തവയ്ക്ക് ശരിയുത്തരം പറഞ്ഞു കൊടുക്കുന്നു. പത്ര ക്വിസ്,  ദിനാചരങ്ങളോടനുബന്ധിച്ച് ക്വിസ് എന്നിവ നടത്തുന്നു. വർഷാവസാനം അമ്മമാരെയും കുട്ടികളെയും ചേർത്ത് ക്വിസ് പ്രോഗ്രാം നടത്തുന്നു. സമ്മാനം നൽകുന്നു. സയൻസ് ക്വിസ്, സോഷ്യൽ സയൻസ് ക്വിസ്, അക്ഷരമുറ്റം ക്വിസ്, ഗണിത ക്വിസ്, യുറീക്ക പരീക്ഷ, എന്നിവയ്ക്ക് പങ്കെടുക്കാൻ തയ്യാറാക്കുന്നു.

മധ്യകാലം

## പ്രവർത്തനം 9

പ്രവർത്തനത്തിന്റെ പേര്: ചിത്രമതിൽ (building as a learning aid)

ഉദ്ദേശ്യം: 1. എല്ലാ കുട്ടികളെയും പഠനമികവിലേക്ക് നയിക്കാൻ ചിത്രങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തൽ

2. എല്ലാ ക്ലാസിലെയും പഠനപ്രവർത്തന ലിസ്റ്റ് ചിത്ര സാധ്യത ബന്ധിപ്പിക്കൽ.

3. ആശയാത്മകമായ ചിത്രീകരണം വിദ്യാലയ ചുമരു

ധനകാര്യം: പഞ്ചായത്ത്

പ്രവർത്തന ക്രമം: SRG മീറ്റിങ്ങിൽ ചർച്ചചെയ്ത് അനുയോജ്യം ചിത്രങ്ങൾ കണ്ടെത്തുന്നു. SMC യുടെ ഉത്തരവാദിത്വം പഠന സാധ്യതകൾക്ക് മുൻതൂക്കം നൽകി നൽകി വിദ്യാലയവും പുറമതിലും ചിത്രങ്ങൾക്ക് ഇടം കണ്ടെത്തുന്നു. 1-4 വരെ ക്ലാസുകളിലെ പഠന നേട്ടങ്ങൾ ചിത്രങ്ങൾ തീർച്ചപ്പെടുത്തി. പ്രവർത്തനോപാധിക്കാവുന്ന. ചിത്രങ്ങൾ ചിത്രം മതിലിൽ രൂപം കൊള്ളുന്നു.

ചുമതല SMC

MONITARING: HM WARD MEMBER.

ദീർഘകാലം

## പ്രവർത്തനം 10

പ്രവർത്തനത്തിന്റെ പേര്: class ലൈബ്രറി+ വീട് ലൈബ്രറി

ക്ലാസ് മുറിയിൽ ഒരു കൊച്ചു വായനശാല

ഉദ്ദേശങ്ങൾ: 1. എഴുത്തിലും വായനയിലും ഉള്ള പിന്നാക്ക അവസ്ഥ പരിഹരിക്കുക.

2. കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.

3. ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക.

4. വായനയിലൂടെ കുട്ടിയുടെ പഠന നിലവാരം മെച്ചപ്പെടുത്തു ക.

ധനകാര്യം: പഞ്ചായത്ത്

പ്രവർത്തന ക്രമം: ക്ലാസ് റൂം ലൈബ്രറി സ്ഥാപിക്കുന്നത് സംബന്ധിച്ച് SRG യിൽ ചർച്ച ചെയ്തു. SMC യുടെ വാർഡ് മെമ്പർ, SDC തുടങ്ങിയവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. LP ക്ലാസുകളിൽ വേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി. കുട്ടിയുടെ നിലവാരം അനുസരിച്ച് പുസ്തകങ്ങൾ തെരഞ്ഞെടുത്തു. Class ലൈബ്രറിക്ക് ചെറിയ അലമാരകൾ നൽകാൻ പഞ്ചായത്ത് ഫണ്ട് നീക്കിവെക്കാൻ വാർഡ് മെമ്പറോട് ആവശ്യപ്പെട്ടു. ക്ലാസ്സിൽ ഒരു വർഷം ഒരു ക്ലാസ് റൂം ലൈബ്രറി എന്ന ലക്ഷ്യം നിശ്ചയിച്ചു. (ഒരു ക്ലാസ് റൂം ലൈബ്രറിക്ക് 1500 രൂപ)

ദീർഘകാലം

## പ്രവർത്തനം 11

പ്രവർത്തനത്തിന്റെ പേര്: ഭാഷ ലാബ്

ലക്ഷ്യങ്ങൾ: 1. വായനാ അവസരങ്ങൾ സൃഷ്ടിക്കുക

2. വായനയിലൂടെ ഭാഷ വികസിപ്പിക്കുക.

3. പ്രാദേശിക വായന മത്സരങ്ങൾ സൃഷ്ടിക്കുക.

4. വായനയിൽ നിന്ന് രചനയിലേക്ക് നയിക്കുക.

5. സർഗാത്മകശേഷി വികസിപ്പിക്കുക

6. പുസ്തക രചന സാധ്യമാക്കുക

7. അക്ഷര തെറ്റുകൾ ഇല്ലാതാക്കുക

8. ഭാഷ പ്രയോഗത്തിലെ വിശകലുകൾ പരിഹരിക്കുക

9. വ്യവഹാര രൂപങ്ങൾ ഉപയോഗിക്കുന്നതിലെ പോരായ്മകൾ ഉച്ചാരണ വിശകലുകൾ പരിഹരിക്കുക.

10. സ്വർഗാത്മകതയുടെ അഭാവം പരിഹരിക്കുക

ധനകാര്യം: SSA Teachers SMC SDC Etc.

പ്രവർത്തന ക്രമം: SRG യോഗം ചേർന്ന് ഓരോ ക്ലാസിലെയും കുട്ടികളെ പ്രീ ടെസ്റ്റ് നടത്തി. പൊതുവായ പ്രശ്നങ്ങൾ കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു. അത് ആവശ്യമായ ICT സാധ്യതകൾ, CD, ഉച്ചാരണം VIDEO കൾ സംഘടിപ്പിക്കുന്നു. പുസ്തകങ്ങൾ വായന കാർഡുകൾ നല്ല ഉച്ചാരണ മാതൃകകൾ ഇവ പ്രദർശിപ്പിക്കുന്നു. വായന കുറിപ്പുകൾ ഭാഷാ വ്യവഹാര രൂപങ്ങളിലേക്ക് മാറി. സ്വതന്ത്ര രചനകൾ ഉണ്ടാക്കുക. E വായന സാധ്യമാക്കുക. കവിതകൾ (CD കേൾപ്പിക്കുന്നു) ഭാഷ കേളികൾ, പ്രശ്നോത്തരികൾ, കടങ്കഥകൾ, താവു വഴങ്ങുമോ?

പതവാക്യ കാർട്ടുകൾ

ചുമതല: CLASS TEACHERS

MONITARING: HM

# ഗണിതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതത്തിന്റെ ആവശ്യകത ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | ഗണിത ചരിത്രത്തിൽ പ്രാധാന്യവും ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രവും കുട്ടികളുമായി പങ്കുവെക്കുക. | ജനുവരി 2018 | HM , SRG , CLASS TEACHERS | |
| 2 | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആവശ്യങ്ങൾ പട്ടികപ്പെടുത്തുന്ന ചോദ്യാവലി ഉണ്ടാക്കുന്നു. PRE -TEST മൂല്യനിർണയം റിസൾട്ട് രേഖപ്പെടുത്തുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു SRG യിൽ അവതരിപ്പിക്കുന്നു. | ജൂൺ | HM , SRG , CLASS TEACHERS | |
| 3 | 1-4 വരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ സംഖ്യ ബോധം ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു | അബാക്കസ് സംഖ്യാ കിറ്റുകൾ സംഖ്യാ കാർഡുകൾ തുടങ്ങിയ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ | CLASS TEACHER | |
| 4 | ദൂരമളക്കൽ, നീളമളക്കൽ , ഭാരം അളക്കൽ തുടങ്ങിയ പ്രക്രിയാശേഷികൾ വികസിപ്പിക്കുന്നതിന് | ക്ലാസ് അന്തരീക്ഷം വിദ്യാലയ അന്തരീക്ഷം തുടങ്ങിയവ പാഠഭാഗങ്ങൾക്ക് അനുസൃതം ആയി വിഷയബന്ധിതം ആക്കുക. (BALA) Building ASA Learning Aid) | ജൂൺ - മാർച്ച് | HM , SRG , CLASS TEACHERS | 50000 |
| 5 | ഗണിത പ്രവർത്തന ഫലമായി ക്ലാസ്സ് റൂമുകളിൽ കുട്ടികൾ രൂപീകരിക്കുന്ന | മാഗസിൻ തയ്യാറാക്കാം | ഡിസംബർ | ക്ലാസ് ടീച്ചേഴ്സ് , രക്ഷകർത്താക്കൾ , | 5000 |

| | | | | |
|---|---|---|---|---|
| | പസിലുകൾ, പാറ്റേണുകൾ മാന്ത്രിക ചതുരങ്ങൾ ഇവ ഉൾപ്പെടുത്തി ഗണിത പതിപ്പുകൾ മാഗസിനുകൾ | | | SRG |
| 6 | ഗണിത പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പാക്കുന്നതിനും ഓരോ ക്ലാസിലും maths corner | Maths corner ൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഗണിത പഠന സാമഗ്രികൾകൾ, സഹായികൾ എന്നിവ ശേഖരിക്കൽ, maths corner സജ്ജീകരിക്കൽ | ജനുവരി | HM , SRG , CLASS TEACHERS , SMC |

# പരിസര പഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഒന്നു മുതൽ 4 വരെ ക്ലാസുകളിൽ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നതിനും ശാസ്ത്ര മൂല തയ്യാറാക്കൽ | പ്രസ്തുത ക്ലാസുകളിലേക്കുള്ള ശാസ്ത്ര പഠനത്തിന് സഹായകമായി ശാസ്ത്ര മൂലയിൽ ഉണ്ടാകേണ്ട ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | |
| | | തയ്യാറാക്കിയ list നെ ശേഖരിക്കേണ്ടവ വാങ്ങേണ്ടവർ നിർമ്മിക്കേണ്ട സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ | ജൂലൈ | ക്ലാസ് ടീച്ചർ | |
| | | തയ്യാറാക്കിയ list അനുസരിച്ചുള്ള സാമഗ്രികൾ വാങ്ങൽ | | | |
| | | ശാസ്ത്ര പഠനാന്തരീക്ഷം ഒരുക്കൽ | ജൂൺ | ക്ലാസ് ടീച്ചർ , | |
| | | PTA യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച് അവതരണം | ജൂലൈ | SRG | |

| | | | | |
|---|---|---|---|---|
| | | സാമഗ്രികളുടെ ശേഖരണം | ജൂലൈ | |
| | | ശാസ്ത്ര മൂല ക്രമീകരിക്കാൻ ആവശ്യമായ ഒരുക്കങ്ങൾ | ഓഗസ്റ്റ് | HM , PTA |
| | | ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിലുള്ളത് വാങ്ങൽ | ഓഗസ്റ്റ് | TEACH ERS |
| | | School lab സജ്ജമാക്കൽ class മുറിയിൽ സൂക്ഷിക്കാൻ കഴിയാത്തവ ഓരോ പാഠത്തിനും വേണ്ടവർ ഇതൊക്കെ ലിസ്റ്റ് തയ്യാറാക്കൽ | സെപ്റ്റം ബർ | SRG , CLASS TEACH ERS |
| 2 | ലഹരി വിരുദ്ധ വിദ്യാലയ പ്രവർ നങ്ങൾ | വിദ്യാർത്ഥികൾ, അധ്യാപകർ, സയൻസ് ക്ലബ്ബ്, ലഹരി വിരുദ്ധ ക്ലബ്ബ് മറ്റേ ഏജൻസികൾ | 2 വർഷം | |
| 3 | സ്ഥിതി ചെയ്യുന്ന പഞ്ചായത്തിനെ പ്ലാസ്റ്റിക് വിരുദ്ധ പഞ്ചായത്തായി പ്രഖ്യാപിക്കൽ | അധ്യാപകർ, വിദ്യാർഥികൾ, എക്കോ ക്ലബ്ബ്, മറ്റ് ഏജൻസികൾ, പഞ്ചായത്ത് ഭാരവാഹികൾ, രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ | | |
| 4 | ജൈവ പച്ചക്കറികളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന് | കൃഷിത്തോട്ടം ഒരുക്കൽ , തൈ നടീൽ , പരിപാലനം , വിളവെടുപ്പ് | ജൂൺ - മാർച്ച് | കുട്ടികൾ , അധാപക ർ , പി.റ്റി.എ |